LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എക്സൈസ് വകുപ്പിൽ NIC (നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ)-ന്റെ IDEAS (Information and Data Exchange Advanced System) ഫയൽ ട്രാക്കിംഗ് സിസ്റ്റം സോഫ്റ്റ്വെയർ ഉപയോഗിച്ച് ഫയൽ ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കിവരുന്നു. നിലവിൽ എക്സൈസ് കമ്മീഷണറേറ്റിൽ ലഭിക്കുന്ന എല്ലാ തപാലുകളും ടി സംവിധാനത്തിൽ ഉൾപ്പെടുത്തിവരുന്നു. ഇ-ഓഫീസ് സംവിധാനം പൂർത്തിയാകുന്നതോടെ ഫയൽ ട്രാക്കിംഗ് സംവിധാനം പൂർണ്ണമായും നടപ്പാക്കുന്നതാണ്.

(ബി) ഈ സംവിധാനം നടപ്പിലാക്കി കഴിയുമ്പോൾ എക്സൈസ് വകുപ്പിൽ ലഭിക്കുന്ന തപാലുകളും ഫയലുകളും സമയബന്ധിതമായിത്തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ നടപടികൾ സ്വീകരിക്കുന്നുവെന്ന് മേലധികാരികൾക്ക് പരിശോധിക്കുന്നതിനും കൂടാതെ പൊതുജനങ്ങൾക്ക് അവരുടെ അപേക്ഷ, പരാതി, ഫയൽ എന്നിവയുടെ നിലവിലത്തെ അവസ്ഥ അറിയുവാനും സംവിധാനം സഹായകര മാകുന്നതാണ്.

(സി) ഐ.ടി. വകുപ്പ്, കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ എന്നീ സ്ഥാപനങ്ങളാണ് ടി സംവിധാനവുമായി സഹകരിക്കുന്നത്.

എക്സൈസ് വകുപ്പിലെ ഇ-പേമെന്റ് സംവിധാനം

81 (4415) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതിനായി സഹകരിക്കുന്നത് ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 4-1-2012 മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) എക്സൈസ് വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയതുവഴി സർക്കാരിന് ലഭിക്കേണ്ട വിവിധയിനം ലൈസൻസ് ഫീസുകൾ ലൈസൻസികൾക്ക് ഓൺലൈനായി ഒടുക്കുന്നതിന് സാദ്ധ്യമായി. തൻമൂലം സർക്കാരിലേക്കുള്ള നികുതി വരുമാനം സമയബന്ധിതമായി ലഭിക്കുകയും കൂടാതെ പൊതുജനങ്ങൾക്ക് സർക്കാരിലേക്കുള്ള വിവിധയിനം ഫീസുകൾ ഓഫീസ് സന്ദർശിക്കാതെ തന്നെ Net banking മുഖേനയോ credit/debit card മുഖേനയോ ഇ-പേയ്മെന്റ് സംവിധാനത്തിൽ കൂടി ഒടുക്കുന്നതിന് സാധിക്കുന്നതാണ്. ഇ-പേയ്മെന്റ് മുഖാന്തരം ലഭിച്ച ഒടുക്കുകളുടെ സ്ക്രോളുകൾ പരിശോധിക്കുക വഴി സർക്കാരിലേക്ക് ലഭിച്ച നികുതി വരുമാനത്തിന്റെ വിവരങ്ങൾ കൃത്യമായും വേഗത്തിലും അറിയുവാൻ സാധിക്കുന്നു.

(സി) M/s. CMC Ltd. (Computer Maintenance Corporation Limited) എന്ന സ്ഥാപനവുമായി സഹകരിച്ചാണ് എക്സൈസ് വകുപ്പ് ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയത്.

(ഡി) വാണിജ്യനികുതി വകുപ്പിന്റെ ഇ-പേയ്മെന്റ് സംവിധാനമായ KVATIS എന്ന സോഫ്റ്റ്വെയർ കസ്റ്റമൈസ് ചെയ്ത് ഒരു പുതിയ മോഡ്യൂൾ രൂപീകരിച്ച് എക്സൈസ് വകുപ്പ് ഇ-പേയ്മെന്റ് സംവിധാനം നടപ്പിൽ വരുത്തിയിട്ടുണ്ട്. ആയതിന് 5.20 ലക്ഷം രൂപ ചെലവായിട്ടുള്ളതാണ്. ഇ-പേയ്മെന്റിന് ആവശ്യമായ ഭേദഗതികൾ ബന്ധപ്പെട്ട ചട്ടങ്ങളിൽ കൊണ്ടുവന്നിട്ടുണ്ട്.

ബിവറേജസ് വില്പനശാലകളിലെ ജോലിഭാരം

82 (4416) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബാറുകൾ അടച്ചുപൂട്ടിയതിന്റെ ഭാഗമായി ബിവറേജസ് വിൽപനശാലകളിൽ മദ്യവില്പന വർദ്ധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഇതിന്റെ ഭാഗമായി തൊഴിലാളികൾക്ക് ജോലി ഭാരം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ജോലി ഭാരം വർദ്ധിച്ചതിന്റെ ഭാഗമായി തൊഴിലാളികൾ ആരെങ്കിലും രാജിവയ്ക്കുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ ;

(ഡി) എങ്കിൽ എത്രപേർ രാജിവച്ചുവെന്ന് വ്യക്തമാക്കാമോ ?